# 13. ലോട്ടറി

“ഒരു ഇരുപതെടുക്കാനുണ്ടോ?” വൈകാതെ മടക്കിത്തരാം. ആഴ്ചയുടെ ആദ്യദിവസങ്ങളിലൊന്നിൽ അയാളെത്തും. പത്തിരുപതു വർഷമായ ഒരു ശീലം. എന്റെ ഗ്രോസറിക്കടയുടെ ഏറ്റവും അടുത്ത അയൽക്കാരനാണയാൾ. പിയർ ലൂസിങ്കൂ. ഇരുപതെന്നു പറഞ്ഞാൽ ഇരുപതിനായിരമോ ഇരുപതുലക്ഷമോ ഒന്നുമല്ല. വെറും ഇരുപതു ഡോളർ. ലോട്ടറിയെടുക്കാനാണ്.

മുമ്പൊക്കെ ന്യൂയോർക്കു ലോട്ടറി ദിവസത്തിൽ ഒരിക്കലേ ഭാഗ്യനമ്പർ എടുക്കാറുണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ ദിവസം രണ്ടും മൂന്നും തവണ നമ്പർ എടുക്കുന്നുണ്ട്. അതും പോരാഞ്ഞ് വാങ്ങിയാലുടൻ നോക്കാവുന്ന കളികൾ വേറെയും. അതിനെല്ലാം അയാൾ കുറിയെടുക്കും. ഒരിക്കൽപോലും കാര്യമായെന്തെങ്കിലും കിട്ടിയതായി കേട്ടിട്ടില്ല. ഞാൻ രജിസ്റ്ററിൽനിന്നു ഇരുപതിന്റെ ഒരു നോട്ടെടുത്തു നീട്ടുമ്പോൾ കറുത്തുണങ്ങിയ അയാളുടെ കാഴ്ച മങ്ങിയ കണ്ണിൽ ചിരിയുടെ പൂത്തിരി. ആഴ്ചയിൽ വെള്ളിയാഴ്ച എന്നൊന്നുണ്ടെങ്കിൽ അയാൾ ആ പണം മടക്കിത്തന്നിരിക്കും. അന്നാണയാൾക്കു ശമ്പളം കിട്ടുന്നത്.

വർഷങ്ങളായി തുടരുന്ന ഈ ശീലത്തിൽ നിന്ന് ഇയാളെ എങ്ങനെ പിന്തിരിപ്പിക്കാമെന്നു ഞാൻ തല പുകഞ്ഞാലോചിച്ചു. ഒരിക്കൽ ഉപദേശിച്ചുനോക്കി. കാലമെത്രയായി ഇങ്ങനെ പണം ഓടയിൽ ഒഴുക്കാൻ തുടങ്ങിയിട്ട്. കുറച്ചുകാലത്തേക്ക് ഇതൊന്ന് നിറുത്തിക്കൂടെ?

അയാൾ വെറുതെ ചിരിച്ചതേയുള്ളൂ. ഒടുവിൽ ഞാൻ തീരുമാനിച്ചു. അയാൾ വന്നു ചോദിക്കുമ്പോൾ പണം കൊടുക്കാതിരിക്കുക. അതേ ഒരു മാർഗ്ഗമുള്ളൂ.

പതിവുപോലെ പിറ്റേ തിങ്കളാഴ്ചയും അയാൾ വന്നു കടം ചോദിച്ചു. “എന്റെ കൈയ്യിൽ പണമില്ല.” അതുപറയുമ്പോൾ എനിക്ക് അയാളുടെ മുഖത്ത് നോക്കാൻ കഴിഞ്ഞില്ല. കളവ് പറയുകയാണെന്ന് അയാൾക്ക് തോന്നാതിരിക്കാൻ മുഖത്ത് നോക്കി എനിക്ക് രണ്ടുമൂന്നു നുണകൾ കൂടി പറയേണ്ടിവന്നു. പരാതിയോ പരിഭവമോ ഇല്ലാതെ അയാൾ മടങ്ങിപ്പോയി.

അന്നു രാത്രി എനിക്ക് ഉറങ്ങാനേ കഴിഞ്ഞില്ല. “ഇത്രയും നാൾ അയാൾ ചോദിച്ചപ്പോഴൊക്കെ നിന്റെ കയ്യിൽ പണം ഉണ്ടായിരുന്നു. ഒരിക്കലും ഇല്ലാതിരുന്നിട്ടില്ല. ഇല്ലാതെയും വരാമായിരുന്നില്ലേ? അപ്പോൾ അയാൾക്കു വേണ്ടി കൂടി ആയിരുന്നെങ്കിലോ പണം നിന്നെ ഏൽപ്പിച്ചിരുന്നത്...?” ഇരുട്ടിൽ ആരോ എന്നെ കുറ്റപ്പെടുത്തിക്കൊണ്ടേയിരുന്നു.

പിറ്റേന്നു ലൂസിങ്കൂവിനെ കണ്ടയുടൻ ഞാൻ ഇരുപതിന്റെ ഒരു നോട്ടെടുത്തു നീട്ടി. ചിരിച്ചുകൊണ്ട് അത് വാങ്ങുന്നതിനിടയിൽ അയാൾ പറഞ്ഞു തുടങ്ങി:

നിനക്കറിയില്ല. ഭാഗ്യപരീക്ഷണത്തിന് ചെലവാക്കുന്ന ഈ ചെറിയസംഖ്യ എന്റെ കൊച്ചു കൊച്ചു സന്തോഷങ്ങളുടെ വിലയാണ്. അറിയാമല്ലോ ഞാൻ കുടിക്കില്ല, വലിക്കില്ല, സിനിമ കാണാറില്ല, വിലകൂടിയ ഭക്ഷണശാലകളിൽ പോകാറില്ല. ഈ ലോട്ടറി കളിക്കൽ, ഇതൊന്നുമാത്രമാണെന്റെ വിനോദം. കുറി വാങ്ങുന്ന നിമിഷം മുതൽ കുറിയെടുക്കുന്ന സമയംവരെയുള്ള മനസ്സിന്റെ സന്തോഷത്തിനു ഇതത്ര കൂടിയ വിലയൊന്നുമല്ല. എന്നെങ്കിലുമൊരിക്കൽ ഒരു ബംബർ സമ്മാനം എന്നെത്തേടിവന്നാൽ പോലും അതു ചെലവാക്കിത്തീർക്കാൻ ജീവിതം ബാക്കിയില്ലാത്ത ഞാൻ എന്തിനാണു കളിക്കുന്നതെന്നു തോന്നിയേക്കാം. ഞാൻ കളിക്കുന്നത് എനിക്കു വേണ്ടിയല്ല. എന്റെ യൂക്ലഡിനു വേണ്ടിയാണ്.

യൂക്ലഡ് അയാളുടെ ഒരേയൊരു മകളാണ്. വർഷങ്ങൾക്കുമുമ്പ് ഹെയ്റ്റിയിൽനിന്നു കുടിയേറിയതാണവർ. ഫ്രഞ്ചുകലർന്ന ക്രിയോൾ ഭാഷയല്ലാതെ അന്ന് അയാൾക്ക് ഒരു ഇംഗ്ലീഷ് പദംപോലും അറിയില്ലായിരുന്നു. കക്കൂസുകഴുകുന്ന ജോലി ചെയ്താണ് അയാൾ കുടുംബം പോറ്റിയതും മകളെ കോളേജിലയച്ചു പഠിപ്പിച്ചതും. ബിരുദധാരിയായ മകൾ ഇന്ന് പേരെടുത്ത ഒരു വലിയ കമ്പനിയിലെ അക്കൗണ്ടന്റാണ്.

ഒരിക്കൽ അയാൾ പറഞ്ഞു. “എനിക്കു മെഗാമില്യൻ നറുക്കുവീഴുന്ന ദിവസം നിന്റെയീ ഗ്രോസറിക്കട ഞാൻ വിലയ്ക്കു വാങ്ങും. നീ ചോദിക്കുന്ന പണം തരും. പക്ഷേ... ആ പണവുമായി രക്ഷപ്പെടാനൊന്നും നിന്നെ ഞാൻ സമ്മതിക്കില്ല. പിന്നെ എന്റെ ജോലിക്കാരനായി നീ ഇവിടെത്തന്നെ തുടരേണ്ടിവരും.” ഞങ്ങൾ ഉറക്കെ ചിരിച്ചു.

എന്തു പ്രശ്നമുണ്ടായാലും അയാൾ എന്റെ അടുത്തു വരും. ഫോൺ ബില്ലും ഇലക്ട്രിസിറ്റി ബില്ലും അടയ്ക്കാൻ ചെക്ക്ബുക്കുമായി എല്ലാ മാസവും അയാളെത്തും. എല്ലാം എഴുതിക്കൊടുക്കണം. അയാൾ ഒപ്പിടുകമാത്രം ചെയ്യും. ഇന്നും അയാൾക്ക് ഇംഗ്ലീഷ് എഴുതാനോ വായിക്കാനോ അറിയില്ല.

ഒരു ദിവസം ഞാൻ ചോദിച്ചു. “ഈ പണികളൊക്കെ നിനക്കു മകളെക്കൊണ്ടു ചെയ്യിക്കരുതോ?”

“അവളുടെ കാര്യം പറയാതിരിക്കുന്നതാണു ഭേദം.” അയാൾ പറഞ്ഞു.“ജോലിയൊക്കെ കിട്ടിയതിന്ശേഷം ഞങ്ങളോട് സംസാരിക്കുവാൻ അവൾക്ക് സമയമില്ല. എന്റെ ക്രിയോൾ കലർന്ന ഇംഗ്ലീഷും ഉച്ചാരണരീതിയുമൊന്നും അവൾക്കു തീരെ പിടിക്കുന്നില്ല. കോളേജിൽ പഠിക്കുമ്പോൾ വാങ്ങിക്കൊടുത്ത കാറിന്റെ തവണകളടക്കാൻ അവൾ സഹായിക്കില്ല. ഞങ്ങളുടെ കൂടെ അവളിപ്പോൾ പള്ളിയിൽപോലും വരാറില്ല. ഞങ്ങൾ അവളുടെ മാതാപിതാക്കളാണെന്ന് മറ്റുള്ളവർ അറിയുന്നത് അവൾക്ക് അപമാനമാണ്പോലും.”

“ഇതെല്ലാം നിങ്ങളുടെ വെറും തോന്നലുകളാണ്.” ഞാൻ അയാളെ സമാധാനിപ്പിക്കാൻ നോക്കി. അയാൾ പറഞ്ഞതെല്ലാം സത്യമാണെന്നറിയാമായിരുന്നിട്ടും അങ്ങനെയേ എനിക്കു പറയാൻ കഴിഞ്ഞുള്ളൂ.

പരിഷ്കാരിയായ മകൾക്കിപ്പോൾ അയാളുടെ രൂപവും വേഷവുമെല്ലാം അറപ്പുളവാക്കുന്നതാണ്. ഒരു കൈപ്പാടകലെ നിന്നു അവരുടെ ജീവിതം വർഷങ്ങളായി കാണുന്നതല്ലേ? അവളുടെ വഴിവിട്ട കൂട്ടുകെട്ടുകളെക്കുറിച്ചും മദ്യപാനശീലത്തെക്കുറിച്ചും ലക്ഷ്യമില്ലാത്ത ജീവിതരീതികളെക്കുറിച്ചും പറഞ്ഞപ്പോഴെല്ലാം ഒരു പിതാവിന്റെ പിടയുന്ന മനസ്സുനോക്കി നിൽക്കാനേ കഴിഞ്ഞുള്ളൂ. അയാൾ ഇപ്പോൾ കടയിൽ വരാറേയില്ല.

ഏതാനും മാസങ്ങൾക്കുമുമ്പ് ഒരുദിവസം ഞാൻ കട തുറക്കാനെത്തുമ്പോൾ അയാൾ വെളിയിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു. വാനിൽനിന്നു പച്ചക്കറിക്കെട്ടുകൾ എടുത്തിറക്കാൻ അയാൾ എന്നെ സഹായിച്ചു. എന്തോ അയാളെ അലട്ടുന്നതായി എനിക്കു തോന്നി. “ഈയിടെയായി ഇങ്ങോട്ടൊന്നും കാണാറില്ലല്ലോ. എന്ത് പറ്റി? ഇപ്പോൾ ലോട്ടറി കളിയൊന്നുമില്ലേ?” ഞാൻ വെറുതെ ചോദിച്ചു.

“അതിനുമാത്രം എന്തുണ്ടായി?” ഞാൻ അത്ഭുതപ്പെട്ടു.

“ജീവിതത്തിന്റെ ഭാഗ്യപരീക്ഷണത്തിൽ ഞാൻ തോറ്റുപോയി ചങ്ങാതീ....”അയാൾ നീണ്ട ഒരു നിശ്വാസത്തിന് ശേഷം തുടർന്നു. “ദരിദ്രമായ എന്റെ നാട്ടിൽനിന്നു മനുഷ്യരെയും പ്രകൃതിയെയും ഭയന്ന് ഇവിടെയെത്തി. എന്തെല്ലാമോ ചെയ്തു. ഏതെല്ലാമോ നേടിയെന്നുതോന്നി. പക്ഷേ....”

തിമിരം ബാധിച്ച അയാളുടെ കണ്ണുകൾ ശൂന്യതയിൽ ഉടക്കിനിന്നു.

“യൂക്ലഡ് എന്റെ അമ്മയുടെ പേരാണത്. അതാണ് ഞാൻ എന്റെ മക്കൾക്കിട്ട പേര്.....ആ പേര് ..... മരിച്ചു പോയ എന്റെ അമ്മയുടെ പേര്..... അവൾ ചവിട്ടിയരച്ചു. ഞങ്ങളുമായി യാതൊരു ബന്ധവും ഇല്ലാത്തവണ്ണം യൂക്ലഡും ലൂസികുവും വലിച്ചെറിഞ്ഞ് അവൾ പകരം വേറെ ഏതോ പേരുകൾ സ്വീകരിക്കുന്ന ദിവസമാണിന്ന്. പറയൂ, ആർക്കുവേണ്ടിയാണിനി ഞാൻ ലോട്ടറി കളിക്കേണ്ടത്”?